പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3194 20/06/2014- ൽ മറുപടിക്ക്

കാസർകോട് കുള്ളൻ നാടൻപശു പരിപാലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.ചന്ദ്രശേഖരൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാസർകോട് കുള്ളൻ നാടൻ പശു പരിപാലനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;<br>ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | എ) യും ബി) യും<br>2012-13 സാമ്പത്തിക വർഷം മുതൽ കാസർഗോഡ് കുള്ളൻ ഉൾപ്പെടെയുള്ള തനതു ജനുസ്സുകളായ കന്നുകാലികളെ സംരക്ഷിക്കുന്നതിനും അവയുടെ പ്രജനനത്തിനും കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിൽ നാടൻ പശുക്കളെ പരിപാലിക്കുന്നതിനുള്ള ഒരു കന്നുകാലിഫാം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ നിന്നും ഒരു കോടി രൂപയും 2013-14 സാമ്പത്തികവർഷം 40 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷം 20 ലക്ഷം രൂപയും വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കുകയും ഈ ഫാമിന്റെ മരാമത്തു പണികൾ പൂർത്തിയാക്കി, വെള്ളത്തിന്റെ ലഭ്യതയ്ക്കും പുൽക്കൃഷി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഇതുകൂടാതെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് മുഖേന തനതുജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, മറ്റു നാടൻ പശുക്കൾ എന്നിവയെയും സംരക്ഷിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം ഒരു കോടി രൂപയും 2013-14 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ച് നടപടി സ്വീകരിച്ച് വരുന്നു. ഈ തുക പരിരക്ഷയും പ്രജനനവും ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ